**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2307** **14-10-2024 - ൽ മറുപടിയ്ക്ക്**

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീമതി കെ. കെ. രമ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സാധനങ്ങൾ വാങ്ങിയതിൽ ക്രമക്കേടുകൾ നടന്നതിനാൽ കോടികളുടെ നഷ്ടമുണ്ടായത് സംബന്ധിച്ച റിപ്പോർട്ടുകൾ ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച് സോഷ്യൽ ഓഡിറ്റ്, ഓംബുഡ്സ്മാൻ, വിജിലൻസ് അന്വേഷണ റിപ്പോർട്ടുകൾ എന്നിവ വളരെ ഗൗരവത്തോടെ തന്നെ കണ്ട് തുടർനടപടികൾ സ്വീകരിക്കുന്നുണ്ട്. ടി റിപ്പോർട്ടുകൾ പ്രകാരം സാധന സാമഗ്രികളുടെ വാങ്ങൽ, ഉപയോഗം എന്നിവ സംബന്ധിച്ച് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുള്ള കേസുകളിൽ ബന്ധപ്പെട്ടവരിൽ നിന്നും നഷ്ട തുക ഈടാക്കുന്നതിനുള്ള നടപടികൾ യഥാസമയം സ്വീകരിച്ചു വരുന്നു. നടപ്പ് സാമ്പത്തിക വർഷത്തിൽ മാത്രം ഇപ്രകാരം 2,82,194/-രൂപ തിരിച്ച് പിടിച്ചിട്ടുണ്ട്. |
| (ബി) | ഇക്കാര്യത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (ബി) | വിജിലൻസ് വിംഗ്, സോഷ്യൽ ഓഡിറ്റ്, ഓംബുഡ്സ്മാൻ എന്നീ സംവിധാനങ്ങളിലൂടെ അന്വേഷണം നടത്തിയിട്ടുണ്ട്. ഗുണനിലവാരമില്ലാത്ത വസ്തുക്കളുടെ ഉപയോഗം, വ്യാജ ബില്ലുകൾ ഉപയോഗിച്ച് പണം വാങ്ങിയത്, രേഖപ്പെടുത്തിയ തുകയും ചെലവഴിച്ച തുകയും തമ്മിൽ വ്യത്യാസം, അനുവദനീയമായതിനേക്കാളും ഉയർന്ന നിരക്കിൽ സാധന സാമഗ്രികൾ വാങ്ങിയത് എന്നീ സ്വഭാവമുള്ള ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. |
| (സി) | സോഷ്യൽ ഓഡിറ്റിംഗ് വിഭാഗം ഇത്തരത്തിലുള്ള എന്തെങ്കിലും ക്രമക്കേടുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | വിജിലൻസ് വിംഗ്, സോഷ്യൽ ഓഡിറ്റ്, ഓംബുഡ്സ്മാൻ എന്നീ സംവിധാനങ്ങളിലൂടെ അന്വേഷണം നടത്തിയിട്ടുണ്ട്. ഗുണനിലവാരമില്ലാത്ത വസ്തുക്കളുടെ ഉപയോഗം, വ്യാജ ബില്ലുകൾ ഉപയോഗിച്ച് പണം വാങ്ങിയത്, രേഖപ്പെടുത്തിയ തുകയും ചെലവഴിച്ച തുകയും തമ്മിൽ വ്യത്യാസം, അനുവദനീയമായതിനേക്കാളും ഉയർന്ന നിരക്കിൽ സാധന സാമഗ്രികൾ വാങ്ങിയത് എന്നീ സ്വഭാവമുള്ള ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | തൊഴിലുറപ്പ് പദ്ധതി അഴിമതിരഹിതമായും സുതാര്യമായും നടപ്പാക്കുന്നതിന് കർശന നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | തൊഴിലുറപ്പ് പദ്ധതി സുതാര്യമായും അഴിമതി രഹിതമായും നടത്തുന്നത് സംബന്ധിച്ച് കർശനമായ നിർദ്ദേശങ്ങൾ സർക്കാർ തലത്തിൽ നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഫീൽഡ് തല പരിശോധനയിലൂടെ വ്യതിയാനങ്ങൾ അപ്പപ്പോൾ കണ്ടെത്തി പരിഹരിക്കുന്നതിന് സുവ്യക്തമായ മാർഗനിർദ്ദേശങ്ങൾ 11.01.2021-ലെ ഡി.ഡി.2-336/2020/എൽ.എസ്.ജി.ഡി. നമ്പർ സർക്കുലർ പ്രകാരം നല്കിയിട്ടുള്ളതാണ്. ഫീൽഡ് ഇൻസ്പെക്ഷൻ നടത്തുന്നതിനുവേണ്ടി ഒരു മൊബൈൽ/വെബ് ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട് (വിജിൽ ആപ്പ്). ഗ്രാമപഞ്ചായത്തിൽ ഒരു പ്രവൃത്തി ആരംഭിക്കുന്നത് മുതൽ പൂർത്തിയാക്കുന്നത് വരെ കൃത്യമായ ഇടവേളകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധന നടത്തി പദ്ധതിയുടെ പുരോഗതി കൃത്യമായി വിജിൽ ആപ്പിൽ രേഖപ്പെടുത്തി പ്രസ്തുത പ്രവൃത്തിയുടെ പുരോഗതി മോണിട്ടർ ചെയ്യുന്നു. സംസ്ഥാനത്ത് സമീപ കാലങ്ങളിൽ ആസ്തിനിർമ്മാണ പ്രവൃത്തികൾ കൂടുതലായി ഏറ്റെടുക്കുന്ന സാഹചര്യത്തിൽ അവ സുതാര്യമായും അഴിമതി രഹിതമായും നടത്തുന്നത് സംബന്ധിച്ച വിശദമായ നിർദ്ദേശങ്ങൾ 05.09.2024-ലെ ഡി.ഡി.2-136/2023/എൽ.എസ്.ജി.ഡി. സർക്കുലർ പ്രകാരം നൽകിയിട്ടുണ്ട്. സാധന സാമഗ്രികൾ ഉപയോഗിക്കുന്ന മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവൃത്തികളുടെ മേൽനോട്ട ഉത്തരവാദിത്തം തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം അസി.എഞ്ചിനീയർമാർക്ക് കൂടി നൽകിയിട്ടുണ്ട്. കൂടാതെ മറ്റു പരിശോധനാ ഉദ്യോഗസ്ഥരുടെ പരിശോധനയും ഇത്തരം പ്രവൃത്തികളിൽ കർശനമാക്കിയിട്ടുണ്ട്. പദ്ധതിയുടെ കാര്യക്ഷമതയും സുതാര്യതയും ഉറപ്പാക്കുന്നതിന് ശക്തമായ സോഷ്യൽ ഓഡിറ്റ് സംവിധാനം 6 മാസം കൂടുമ്പോൾ പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തി തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ